പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 755 — 29.5.2019 -ൽ മറുപടിയ്ക്ക്

## കുത്താമ്പുള്ളി ടൂർ പാക്കേജ് മാർക്കറ്റിംഗ്

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളിയിലും പരിസരപ്രദേശത്തും പരമ്പരാഗതമായി കൈത്തറികളിൽ നെയ്തെടുക്കുന്ന കുത്താമ്പുള്ളി മുണ്ടുകൾ, സാരികൾ, സെറ്റുമുണ്ടുകൾ തുടങ്ങിയവ വൈവിധ്യം, ഭംഗി, ഗുണമേന്മ എന്നിവയാൽ സ്വദേശത്തും വിദേശത്തും വലിയ വിൽപ്പന സ്വീകാര്യതയുള്ള കൈത്തറി ഉൽപ്പന്നങ്ങളാണെന്ന കാര്യം വിനോദസഞ്ചാര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | നൂറ്റാണ്ടുകളുടെ പാരമ്പര്യം ഉള്ളതും മികവുറ്റതുമായ ഈ കൈത്തറി ഉല്പന്നങ്ങളുടെ വിൽപ്പന വർധിപ്പിച്ച് നെയ്ത്തുകാർക്കും വിൽപ്പനക്കാർക്കും മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനായി കൈത്തറിവകുപ്പിന്റെ സഹകരണത്തോടെ ഓൺലൈൻ മാർക്കറ്റിംഗ്, കുത്താമ്പുള്ളി ടൂർ പാക്കേജ് മാർക്കറ്റിംഗ് എന്നിവ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | ബി) | ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ ഇക്കാര്യത്തിൽ സാധ്യതാപഠനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ